**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5213** **27.06.2019 - ൽ മറുപടിക്ക്.**

# റേഷൻ വാങ്ങാത്ത മുൻഗണന കാർഡുടമകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി. ജോയി :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** മുൻഗണന റേഷൻ കാർഡുള്ളവരിൽ എത്ര പേർ കഴിഞ്ഞ മൂന്നുമാസക്കാലമായി റേഷൻ സാധനങ്ങൾ വാങ്ങുന്നില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | **(എ)**<br>**യും**<br>**(ബി)**<br>**യും**<br>**(സി)**<br>**യും**<br>**(ഡി)**<br>**യും** | 2019 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസങ്ങളിൽ റേഷൻ വാങ്ങാത്ത എ.എ.വൈ/മുൻഗണനാ വിഭാഗത്തിൽപ്പെട്ട 73216 പേരുടെ പട്ടിക പരിശോധിച്ച് പ്രസ്തുത ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകി വിശദീകരണം വാങ്ങി ടി കാർഡുകളെ പൊതു വിഭാഗത്തിലേക്കു മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്.<br>തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 10524 പേർ റേഷൻ വാങ്ങുന്നില്ല. |
| **(ബി)** തിരുവനന്തപുരം ജില്ലയിൽ അത്തരത്തിലുള്ള എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | | |
| **(സി)** മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുകയും സാധനങ്ങൾ വാങ്ങാതിരിക്കുകയും ചെയ്യുന്നവരെ മുൻഗണന വിഭാഗത്തിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| **(ഡി)** അത്തരത്തിൽ ഒഴിവാക്കപ്പെടുകയാണെങ്കിൽ പ്രസ്തുത കാർഡ് ഉടമയ്ക്ക് യഥാസമയം അറിയിപ്പ് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; കാർഡ് ഉടമയിൽ നിന്നും വിശദീകരണം തേടുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**